# കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

**തിരുവനന്തപുരം - 695 033**

**നമ്പർ: 6330/ബി/2015/സം.തി.ക.** **തീയതി: 28.10.2015.**

പ്രേഷകൻ

സെക്രട്ടറി

സ്വീകർത്താവ്

എല്ലാ വരണാധികാരികൾക്കും.

സർ,

വിഷയം:- സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ - പൊതു തിരഞ്ഞെടുപ്പ് 2015 - പോസ്റ്റൽ ബാലറ്റുകൾ അയയ്ക്കുന്നത് - അധിക നിർദ്ദേശങ്ങൾ - സംബന്ധിച്ച്.

സൂചന:- സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ പുറപ്പെടുവിച്ച 17.10.15-ലെ ഇതേ നമ്പർ മാർഗ്ഗ നിർദ്ദേശങ്ങൾ.

***************

സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. നവംബർ 2-ാം തീയതി പൊതുതിരഞ്ഞെടുപ്പ് നടക്കുന്ന തിരുവനന്തപുരം, കൊല്ലം, ഇടുക്കി, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലേയ്ക്കുള്ള പോസ്റ്റൽ ബാലറ്റുകളുടെ അപേക്ഷകൾ 31.10.2015, 3 പി.എം വരെയും മറ്റ് ജില്ലകളിലേയ്ക്കുള്ളത് 2.11.2015 3 പി.എം വരെയും സ്വീകരിച്ച് ഉടൻതന്നെ ബാലറ്റുകൾ അയയ്ക്കേണ്ടതും ആ ദിവസങ്ങളിൽ തന്നെ വോട്ടർപട്ടികയുടെ മാർക്ക്ഡ് കോപ്പി ബന്ധപ്പെട്ടവരെ ഏൽപ്പിക്കേണ്ടതുമാണ്. പോസ്റ്റൽ ബാലറ്റിനുള്ള അപേക്ഷകളോടൊപ്പം പോസ്റ്റിംഗ് ഓർഡറിന്റെ കോപ്പി ഉണ്ടെന്ന് ഉറപ്പാക്കേണ്ടതുമാണ്. പോസ്റ്റൽ ബാലറ്റുകൾ അയയ്ക്കുന്നതിന് അവസാന ദിവസം വരെ കാത്തിരിക്കാതെ ലഭിക്കുന്ന അപേക്ഷകളിൻമേൽ അതാതു ദിവസം തന്നെ പോസ്റ്റൽ ബാലറ്റുകൾ അയയ്ക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

കൂടാതെ, പോസ്റ്റൽ ബാലറ്റിനുള്ള അപേക്ഷകൾക്കനുസരിച്ച് നിലവിൽ പ്രിന്റ് ചെയ്തിട്ടുള്ള പോസ്റ്റൽ ബാലറ്റുകൾ പര്യാപ്തമാണോ എന്ന് പരിശോധിക്കേണ്ടതും അല്ലാത്തപക്ഷം അധികമായി വേണ്ടിവരുന്ന ബാലറ്റു പേപ്പറുകൾ ബന്ധപ്പെട്ട പ്രസ്സുകളിൽ നിന്ന് തന്നെ അടിയന്തിരമായി പ്രിന്റ് ചെയ്ത് വാങ്ങുന്നതിനുള്ള നടപടികൾ കൂടി സ്വീകരിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

ഒപ്പ്

**പി. ഗീത**

സെക്രട്ടറി

പകർപ്പ്:-

ഡയറക്ടർ, ഗവ.പ്രസ്, തിരുവനന്തപുരം

എല്ലാ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്കും (അടിയന്തിര തുടർനടപടിയ്ക്കായി)

കമ്മീഷനിലെ എല്ലാ ഓഫീസർമാർക്കും സെക്ഷനുകൾക്കും

പബ്ലിക് റിലേഷൻസ് ഓഫീസർ

കമ്പ്യൂട്ടർ പ്രോഗ്രാമർ

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി